## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 129** **07-10-2024 - ൽ മറുപടിയ്ക്ക്**

### സംസ്ഥാനത്തെ പോലീസ് നിയമനവും ക്രമസമാധാന പാലനത്തിലെ നേട്ടങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മെയ് മുതൽ 2024 ആഗസ്റ്റ് വരെ കേരള പോലീസിൽ എത്ര തസ്തികകൾ സൃഷ്ടിച്ചു; എത്രപേർക്ക് നിയമനം നൽകി; വ്യക്തമാക്കാമോ; | (എ) | 2016 മെയ് മുതൽ 2024 ആഗസ്റ്റ് വരെ പോലീസ് വകുപ്പിൽ 4817 സ്ഥിര തസ്തികകളും 855 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. 25.05.2016 മുതൽ 15.06.2024 വരെ പി.എസ്.സി മുഖേന പോലീസ് വകുപ്പിൽ 20014 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | 2016 മെയ് മുതൽ കേരളത്തിൽ പുതുതായി എത്ര പോലീസ് സ്റ്റേഷൻ ആരംഭിച്ചു; വ്യക്തമാക്കാമോ; | (ബി) | 2016 മെയ് മുതൽ സംസ്ഥാനത്ത് പുതുതായി 37 പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷന്റെ പേരും, ജില്ലയും ചുവടെ ചേർക്കുന്നു |

| ക്രമ നമ്പർ | പോലീസ് സ്റ്റേഷൻ | ജില്ല |
|---|---|---|
| 1 | നഗരൂർ | തിരുവനന്തപുരം റൂറൽ |
| 2 | അച്ചൻ കോവിൽ | കൊല്ലം റൂറൽ |
| 3 | കൈപ്പമംഗലം | തൃശ്ശൂർ റൂറൽ |
| 4 | കൊപ്പം | പാലക്കാട് |
| 5 | പുതൂർ | പാലക്കാട് |
| 6 | തൊണ്ടാർനാട് | വയനാട് |
| 7 | പിണറായി | കണ്ണൂർ സിറ്റി |
| 8 | കണ്ണനല്ലൂർ | കൊല്ലം സിറ്റി |
| 9 | ഇലവുംതിട്ട | പത്തനംതിട്ട |
| 10 | ഉടുമ്പൻചോല | ഇടുക്കി |
| 11 | പന്തീരൻകാവ് | കോഴിക്കോട് സിറ്റി |
| 12 | മട്ടന്നൂർ എയർപ്പോട്ട് പി.എസ് | കണ്ണൂർ സിറ്റി |
| 13 | മേൽപറമ്പ് | കാസർകോട് |
| 14 | കൊച്ചി മെട്രോ പി.എസ് | കൊച്ചി സിറ്റി |

| | | |
|---|---|---|
| 15 | സൈബർ പോലീസ് സ്റ്റേഷൻ | കൊച്ചി സിറ്റി |
| 16 | സൈബർ പോലീസ് സ്റ്റേഷൻ | തൃശ്ശൂർ സിറ്റി |
| 17 | സൈബർ പോലീസ് സ്റ്റേഷൻ | കോഴിക്കോട് സിറ്റി |
| 18 | വനിത പോലീസ് സ്റ്റേഷൻ | പത്തനംതിട്ട |
| 19 | വനിത പോലീസ് സ്റ്റേഷൻ | ഇടുക്കി |
| 20 | വനിത പോലീസ് സ്റ്റേഷൻ | പാലക്കാട് |
| 21 | വനിത പോലീസ് സ്റ്റേഷൻ | കാസർകോട് |
| 22 | സൈബർ പോലീസ് സ്റ്റേഷൻ | തിരുവനന്തപുരം റൂറൽ |
| 23 | സൈബർ പോലീസ് സ്റ്റേഷൻ | കൊല്ലം സിറ്റി |
| 24 | സൈബർ പോലീസ് സ്റ്റേഷൻ | കൊല്ലം റൂറൽ |
| 25 | സൈബർ പോലീസ് സ്റ്റേഷൻ | പത്തനംതിട്ട |
| 26 | സൈബർ പോലീസ് സ്റ്റേഷൻ | ആലപ്പുഴ |
| 27 | സൈബർ പോലീസ് സ്റ്റേഷൻ | കോട്ടയം |
| 28 | സൈബർ പോലീസ് സ്റ്റേഷൻ | ഇടുക്കി |
| 29 | സൈബർ പോലീസ് സ്റ്റേഷൻ | എറണാകുളം റൂറൽ |
| 30 | സൈബർ പോലീസ് സ്റ്റേഷൻ | തൃശ്ശൂർ റൂറൽ |
| 31 | സൈബർ പോലീസ് സ്റ്റേഷൻ | പാലക്കാട് |
| 32 | സൈബർ പോലീസ് സ്റ്റേഷൻ | മലപ്പുറം |
| 33 | സൈബർ പോലീസ് സ്റ്റേഷൻ | കോഴിക്കോട് റൂറൽ |
| 34 | സൈബർ പോലീസ് സ്റ്റേഷൻ | വയനാട് |
| 35 | സൈബർ പോലീസ് സ്റ്റേഷൻ | കണ്ണൂർ |
| 36 | സൈബർ പോലീസ് സ്റ്റേഷൻ | കാസർകോട് |

| | | | |
|---|---|---|---|
| | | | <table><tr><td>37</td><td>സൈബർ പോലീസ് സ്റ്റേഷൻ</td><td>കണ്ണൂർ റൂറൽ</td></tr></table> |
| (സി) | കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ക്രമസമാധാന പാലനത്തിന് ദേശീയ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ക്രമസമാധാന പാലനത്തിൽ ദേശീയ അടിസ്ഥാനത്തിൽ കേരളം നിരവധി നേട്ടങ്ങൾ കൈവരിച്ചു. പരാതികൾ ഉടനടി പരിഹരിച്ചും സുതാര്യവും നീതിയുക്തവുമായ നിയമം നടപ്പാക്കി പൗരാവകാശങ്ങൾ വ്യക്തി മഹത്വം എന്നിവ സംരക്ഷിച്ചുകൊണ്ട് ക്രമസമാധാനപാലനം നടത്തി ലോകോത്തര നിലവാരത്തിലുള്ള പോലീസ് സേവനങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുവാൻ ശ്രമിച്ചുകൊണ്ട് ഏറ്റവും ഉയർന്ന പൗരസംതൃപ്തി കൈവരിക്കുവാൻ പ്രതിജ്ഞാബദ്ധമായ ഒരു പോലീസ് നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.<br><br>പോലീസ് വകുപ്പിൽ ക്രമസമാധാന പാലനവും കുറ്റാന്വേഷണവും രണ്ടു വിഭാഗങ്ങളാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി 478 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ അധികാരികളായി നിയമിച്ചുകൊണ്ടുള്ള ISHO സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ഈ സ്റ്റേഷനുകളിൽ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും പ്രത്യേകം പ്രത്യേകം ചുമതലയുള്ള എസ്.ഐമാരുടെ നേതൃത്വത്തിൽ രണ്ടു ഡിവിഷനുകൾ നിലവിൽ വന്നു. ഈ പരിഷ്കാരം നടപ്പിലാക്കിയതുമൂലം പോലീസ് സ്റ്റേഷനു കളിലെ കേസന്വേഷണവും ക്രമസമാധാനപാലനവും കാര്യക്ഷമമാക്കുവാൻ സാധിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ വെച്ചു തന്നെ ഉയർന്ന ഉദ്യോഗസ്ഥർക്ക് പരാതി നൽകുവാനും ആയതിന് അതിവേഗം കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചു വരുന്നു. കൂടാതെ പോലീസ് സ്റ്റേഷന്റെ ഭരണനിർവ്വഹണവും കാര്യക്ഷമമാക്കിയിട്ടുണ്ട്.<br><br>**എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ**<br><br>ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ഡിജിറ്റൽവൽക്കരണം സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. സൈബർ ഇടങ്ങളിൽ സ്ത്രീകളും പ്രായമായവരും നേരിടുന്ന വെല്ലുവിളികളും അവർക്കെതിരെ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളും അതുപോലെ ഓൺലൈൻ തട്ടിപ്പുകൾ അടക്കമുള്ള മറ്റ് കുറ്റകൃത്യങ്ങളും ഫലപ്രദമായി തടയുന്നതിനുമായി സംസ്ഥാനത്ത് എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനു കൾക്ക് പുറമേ വനിതാ പോലീസ് സ്റ്റേഷനുകൾ ഇല്ലാതിരുന്ന പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് |

എന്നീ റവന്യൂ ജില്ലകളിൽ 05.11.2019-ലെ GO (MS) No.175/2019/Home ഉത്തരവ് പ്രകാരം 4 വനിതാ പോലീസ് സ്റ്റേഷനുകൾ കൂടി ആരംഭിച്ചു.

**പുതിയതായി ആരംഭിച്ച കൺട്രോൾ റൂമുകൾ**

വടകര കൺട്രോൾ റൂമിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി സർക്കാർ ഉത്തരവ് (കൈ) നം.219/2017/ആഭ്യന്തരം തീയതി 27.10.2017 പ്രകാരം ഇൻസ്പെക്ടർ-1, സബ് ഇൻസ്പെക്ടർ-4, സീനിയർ സിവിൽ പോലീസ് ഓഫീസർ-5, സിവിൽ പോലീസ് ഓഫീസർ-23, വനിതാ സിവിൽ പോലീസ് ഓഫീസർ-7, പോലീസ് കോൺസ്റ്റബിൾ (ടെലി)-2, ഡ്രൈവർ-8 എന്നിങ്ങനെ 50 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (കൈ) നം.103/2018/ആഭ്യന്തരം തീയതി 19.06.2018 പ്രകാരം പയ്യന്നൂർ (കണ്ണൂർ), താനൂർ (മലപ്പുറം) എന്നിവിടങ്ങളിൽ പുതിയ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനായി ഈ സർക്കാർ അനുമതി നൽകി. പ്രസ്തുത മേഖലയിലെ ക്രമസമാധാനപാലനം കാര്യക്ഷമമായി കൈകാര്യം ചെയ്യുവാൻ മേൽപ്പറഞ്ഞ കൺട്രോൾ റൂമുകൾ സ്ഥാപിച്ചതുമൂലം സാധിച്ചിട്ടുണ്ട്.

**ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ**

പൊതുജനങ്ങൾക്ക് സമാധാനപരമായ ജീവിതം ഉറപ്പാക്കുന്നതിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും നിരോധിത മയക്കു മരുന്നുകളുടെ സംഭരണം. വിപണനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും പിടികൂടുവാൻ കേരള പോലീസ് 'ഓപ്പറേഷൻ ഡി ഹണ്ട്' എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ചുവരുന്നു. ഓപ്പറേഷൻ ഡി ഹണ്ട് പ്രകാരം 15.05.2024 മുതൽ 24.05.2024 വരെ 2728 പുതിയ കേസുകൾ രജിസ്റ്റർ ചെയ്യുകയും 2808 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

കൂടാതെ 'ഓപ്പറേഷൻ ആഗ്' എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ചുവരുന്നു

**<u>സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം</u>**

സങ്കീർണ്ണമായ സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം രൂപീകരിച്ചു. പ്രസ്തുത വിഭാഗത്തെ ഒരു ഐ.ജി.പി യുടെ നേതൃത്വത്തിൽ 4 റേഞ്ചുകളിലായി തിരിച്ചിട്ടുണ്ട്. പ്രസ്തുത റേഞ്ചുകളുടെ ചുമതല 4 എസ്.പി.മാർക്കാണ്. 14 ജില്ലകളെ 10 യൂണിറ്റിന്റെ കീഴിലായി ഉൾപ്പെടുത്തി, ഓരോ യൂണിന്റെയും ചുമതല ഡി.വൈ.എസ്. പി മാർക്കും നല്കി ജില്ലാ ആഫീസുകളായി രൂപീകരിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റ കൃത്യങ്ങളുടെ സമഗ്രവും ഫലപ്രദവുമായ അന്വേഷണം നടത്തുന്നതിനും കാലതാമസം ഇല്ലാതെ

അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു.കോടതികളിൽ ഹാജരാക്കുകയും നീതിയുക്തമായ വിചാരണ ഉറപ്പാക്കി പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കി അതുവഴി സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ലക്ഷ്യമിടുന്നു.

ലോക്കൽ സ്റ്റേഷനുകളിൽ നിന്ന് വ്യത്യസ്തമായി സാമ്പത്തിക കുറ്റകൃത്യങ്ങൾ മാത്രം അന്വേഷിക്കുന്ന സംവിധാനം ആയതിനാൽ കേസുകളെക്കുറിച്ച് ആഴത്തിലുള്ള അന്വേഷണം നടത്തുന്നതിനും വളരെയധികം ഡോക്യുമെന്റുകൾ പരിശോധിക്കുന്നതിനും കണ്ടുപിടിക്കുന്നതിനും, സാമ്പത്തിക സ്രോതസ്സുകൾ ഏതു രീതിയിലാണ് കൈകാര്യം ചെയ്യപ്പെടുന്നതെന്നും ഇടപാടുകളെ കുറിച്ചും മറ്റും കൃത്യമായി അന്വേഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നുണ്ട്.

Banning of Unregulated Deposit Schemes Act, 2019 (BUDS Act) പ്രകാരം പ്രതികളുടെ സ്വത്തുക്കൾ കണ്ടു കെട്ടുന്നതിനും, ആയതിന്റെ ആനുകൂല്യങ്ങൾ കുറ്റകൃത്യത്തിൽ ഇരയാക്കപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനുള്ള സാഹചര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനും സാമ്പത്തിക കുറ്റകൃത്യ വിഭാഗം രൂപീകരിക്കപെട്ടത് വഴി സാധിക്കുന്നു. സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതിനും, ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ഇതിലൂടെ സാധിച്ചിട്ടുണ്ട്.

**Integrated Core Policing System (iCoPS)**

സേനാ നവീകരണത്തിൻറ ഭാഗമായി പോലീസിന്റെ ദൈനംദിന പ്രവർത്ത നങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്ന ദേശീയതലത്തിലുള്ള ബൃഹത് പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റംസ് (CCTNS) എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്. iCoPS ആപ്ലിക്കേഷൻ വിവിധ ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ജിഡി റെക്കോർഡിങ്ങ്, എഫ്.ഐ.ആർ രജിസ്ട്രേഷൻ എന്നീ മൊഡ്യൂളുകൾക്കൊപ്പം സെർച്ച്, എഫ്.ഐ.ആർ സൂചിക, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗ്യാലറി എന്നിവ പുതിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതാണ്.

**ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ**

ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗം കൊണ്ട് കുട്ടികളിലുണ്ടാകുന്ന മാനസിക വിഷമങ്ങളും മനോവൈകല്യങ്ങളും പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ 6 നഗരങ്ങളിലായി ഓരോ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

**ക്രൈം ബ്രാഞ്ചിൽ ലീഗൽ അഡ്വൈസർമാരുടെ പുതിയ തസ്തികകൾ**

GO (MS) No.22/2022/Home dated 10.2.2022 എന്ന ഉത്തരവ് പ്രകാരം ക്രൈം ബ്രാഞ്ചിൽ 4 ലീഗൽ അഡ്വൈസർമാരുടെ തസ്തികകൾ സൃഷ്ടിച്ചു. ക്രൈം ബ്രാഞ്ച് അന്വേഷണത്തിൽ ഇരിക്കുന്ന കേസുകൾക്ക് ആവശ്യമായ നിയമോപദേശം വളരെവേഗം ലഭ്യമാക്കുന്നതു വഴി മെച്ചപ്പെട്ട അന്വേഷണത്തിനും കുറ്റവാളികൾക്കെതിരെ പഴുതടച്ച കുറ്റപത്രം നൽകുന്നതിനും സാധിക്കും.

**ജില്ലകളിൽ പുതിയതായി സ്പെഷ്യൽ ബ്രാഞ്ച് ഡിറ്റാച്ച്മെന്റുകൾ .**

കൊല്ലം, തൃശ്ശൂർ, കണ്ണൂർ ജില്ലകളെ സിറ്റി, റൂറൽ പോലീസ് ജില്ലകളായി വിഭജിച്ചതിനുശേഷം പുതുതായി രൂപീകരിച്ച റൂറൽ പോലീസ് ജില്ലകളിൽ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിൽ ഡിറ്റാച്ച്മെന്റുകൾ രൂപീകരിച്ചിരുന്നു. നിലവിൽ കൊല്ലം, തൃശ്ശൂർ, കണ്ണൂർ ഡിറ്റാച്ച്മെന്റ് ക്യാമ്പുകൾ സിറ്റി പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പിമാരെയാണ് (സിറ്റിയും, റൂറലും ഉൾപ്പെടെയുള്ള) രണ്ട് പോലീസ് ജില്ലകളിലെ മുഴുവൻ ഇന്റലിജൻസ് ജോലികൾ കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്. ക്രമസമാധാന പ്രശ്നങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും വ്യാപ്തി കണക്കിലെടുക്കുമ്പോൾ, സിറ്റി, റൂറൽ ജില്ലകൾക്കായി പ്രത്യേക ഡിറ്റാച്ച്മെന്റ് യൂണിറ്റുകൾ രൂപീകരിക്കുന്നത് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡി.വൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ ചുമതലയിൽ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഡിറ്റാച്ച്മെന്റുകൾ രൂപീകരിച്ചിട്ടുള്ളത്.

**സൈബർ കേസുകളുടെ അന്വേഷണത്തിന് പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയ പരിശീലനം**

സംസ്ഥാന പോലീസ് സേനയിലെ 25 പോലീസ് ഉദ്യോഗസ്ഥർക്ക് ഡാർക്ക് വെബ് മേഖലയിലും, 75 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ സെക്യൂരിറ്റി മേഖലയിലും, 50 പോലീസ് ഉദ്യോഗസ്ഥർക്ക് ക്രിപ്റ്റോ കറൻസിയിലും പ്രമുഖ ഏജൻസികൾ മുഖാന്തരം അത്യന്താധുനിക പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാന പോലീസിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 20 സബ്ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തി സൈബർ കമാൻഡോ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാന പോലീസ് സേനയിലെ 360 ഓഫീസർമാർ ഉൾപ്പെടെ 860 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാനും തടയുവാനും വേണ്ടിയുള്ള അടിസ്ഥാന പരിശീലനം നൽകിയിട്ടുണ്ട്.

ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകൾ പരിചയപ്പെടുന്നതിലും പ്രസ്തുത സാങ്കേതിക വിദ്യകളുടെ

സഹായത്തോടെ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിലും കൂടാതെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കേരളത്തിലെ പൊതുജനങ്ങൾക്ക് കൃത്യസമയത്ത് മറ്റ് പോലീസ് സേവനങ്ങൾ ലഭ്യമാക്കുന്നതിനും കേരളാ പോലീസ് എന്നും മുൻപന്തിയിലാണ്. സർക്കാർ സേവനങ്ങൾ സാങ്കേതിക വിദ്യയുടെ സഹായത്താൽ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുക എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിൻറെ ഭാഗമായി കേരളാ പോലീസ് ഡിപ്പാർട്ട്മെൻറിലെ തന്നെ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ച് CCTNS പദ്ധതിയിൽ പുതിയ വെബ്/ മൊബൈൽ ആപ്ലിക്കേഷനുകൾ തയ്യാറാക്കിയിരിക്കുന്നു. പോലീസിലെ ദൈനംദിന പ്രവൃത്തികൾ സമയ ബന്ധിതവും കാര്യക്ഷമവുമായി നിർവഹിക്കുന്നതിലേക്കായി പുതിയ മൊബൈൽ ആപ്ലിക്കേഷൻ പോലീസ് ഉദ്യോഗസ്ഥർക്ക് മാത്രമായി തയാറാക്കിയിട്ടുണ്ട്.

**കേരള പോലീസ് സൈബർ ഡിവിഷൻ**

റിപ്പോർട്ട് ചെയ്യുന്ന സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണത്തിലെ വർദ്ധനവും സങ്കീർണ്ണതയും ഫലപ്രദമായി നേരിടാൻ പോലീസ് വകുപ്പിനെ സജ്ജമാക്കുന്നതിന് ഉള്ള നടപടികൾ ആവശ്യമാണെന്നുകണ്ട് ഒരു സൈബർ പോലീസ് ഡിവിഷൻ, 05.01.2024-തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.04/2024/ആഭ്യന്തരം പ്രകാരം ആരംഭിച്ചിട്ടുണ്ട്. സൈബർ പ്രവർത്തനങ്ങൾ സജീവമാക്കുകയും, സൈബർ ഭീഷണിയിൻമേലുള്ള വിശകലനം, ഗവേഷണം, ദേശീയ/മറ്റ് സംസ്ഥാന ഏജൻസികളുമായുള്ള ഏകോപനം, സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ഡാറ്റാ മാനേജ്മെന്റ്, ആവശ്യമായ പരിശീലനം സംബന്ധിച്ച വിശകലനം, സൈബർ കുറ്റകൃത്യങ്ങൾ തടയുവാനും ഇത്തരം കേസുകൾ അന്വേഷിക്കുവാനും സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥർക്ക് പ്രാവീണ്യം നൽകി ശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത എന്നിവ പരിഗണിച്ച് ഈ ലക്ഷ്യം കൈവരിക്കുന്നതിനായാണ് സൈബർ പോലീസ് ഡിവിഷൻ ആരംഭിച്ചിട്ടുള്ളത്. ആയത് 06-02-2024 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പോലീസ് ഇൻസ്പെക്ടർ ജനറൽ (സൈബർ ഓപ്പറേഷൻസ്) നേരിട്ടുള്ള മേൽനോട്ടത്തിൽ സൈബർ ഓപ്പറേഷൻ വിഭാഗത്തെ 2 വിങ്ങുകളായി തിരിച്ചിട്ടുണ്ട്. ഓരോ പോലീസ് സൂപ്രണ്ടന്റുമാരുടെ നേതൃത്വത്തിലാണ് ഈ വിങ്ങുകൾ പ്രവർത്തിക്കുന്നത്.

1.ടെലിക്കമ്യൂണിക്കേഷൻ & ടെക്നോളജി

2.സൈബർ ഓപ്പറേഷൻ

എസ്.പി സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ ഡി വൈ എസ് പി സൈബർ ഓപ്പറേഷൻസ്, ഡി വൈ എസ് പി

റിസർച്ച് ആൻഡ് അനാലിസിസ് വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നു. ഡിവൈഎസ്പി സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ പബ്ലിക്ക് ഔട്ട് റീച്ച് ഗ്രൂപ്പ്, സൈബർ ഫ്രോഡ് ആന്റ് സോഷ്യൽ മീഡിയ ഗ്രൂപ്പ്, സൈബർ സെക്യൂരിറ്റി ആന്റ് അഡ്വാൻസ്ഡ് ക്രൈം ഗ്രൂപ്പ് എന്നീ വിഭാഗങ്ങളും ഡി വൈ എസ് പി റിസർച്ച് ആൻഡ് അനാലിസിസ് വിഭാഗത്തിന്റെ കീഴിൽ സൈബർ ഡോം, അനാലിസിസ്സ് വിംഗ് ട്രെയിനിങ് ആൻഡ് കപ്പാസിറ്റി ബിൽഡിംഗ് എന്നീ വിഭാഗങ്ങളും പ്രവർത്തിച്ച് വരുന്നു. വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങളെ നേരിടുന്നതിനും അവയെ വിശകലനം ചെയ്ത് കുറ്റകൃത്യങ്ങൾക്ക് ഇടയാക്കുന്ന വസ്തുതകൾ കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിന് സൈബർ ഡിവിഷൻ പരിശ്രമിച്ചു വരുന്നു. സൈബർ സംബന്ധമായ കേസുകളിൽ പോലീസ് സ്റ്റേഷനുകൾക്കും സൈബർ സെല്ലുകൾക്കും ആവശ്യമായ പിന്തുണയും സൈബർ ഡിവിഷൻ നൽകിവരുന്നു.

### CCSE (Counter Child Sexual Exploitation) Centre

CCSE Centre മുഖേന കുട്ടികൾക്ക് നേരെയുള്ള ഓൺലൈൻ ലൈംഗിക കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ പ്രവർത്തനം നടത്തിവരുന്നു. ഇന്റർപോൾ, എൻ.സി.ആർ.ബി, സൈബർ പട്രോളിങ് എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിനുള്ളിൽ നിന്നും കുട്ടികളുടെ ലൈംഗിക ചിത്രങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ ഓപ്പറേഷൻ പി ഹണ്ട് എന്ന പേരിൽ പ്രത്യേക ഓപ്പറേഷനുകൾ നടത്തുകയും ഇത്തരം ഓപ്പറേഷനുകളിലൂടെ 344 പേരെ അറസ്റ്റ് ചെയ്യുകയും, 1702 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 3064 ഉപകരണങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

### സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

ഈ സർക്കാർ വന്നതിന് ശേഷം 202 സ്കൂളുകൾക്ക് എസ്.പി.സി പദ്ധതി പുതിയതായി അനുവദിച്ചിട്ടുണ്ട്. ആകെ 998 സ്കൂളുകളിലാണ് ഈ പദ്ധതി നിലവിലുള്ളത്.

'ചലഞ്ച് ദ ചലഞ്ചസ്' എന്ന പരിപാടി 2023 ആഗസ്റ്റ് മാസത്തിൽ പ്രഖ്യാപിച്ചു. ടി പദ്ധതി 2023 ഒക്ടോബർ മാസം മുതൽ ഓൺലൈൻ ആയും ഓഫ് ലൈൻ ആയും നടത്തി വരുന്നു. “Mental Health & Mobile Addiction, Drug Addiction, Sexual Abuse, Cyber Threats & Environmental Degradation" എന്നിങ്ങനെ 5 ചലഞ്ചസ് ആണ് ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### കേരളാ പോലീസിന്റെ സ്ത്രീ സുരക്ഷാ പദ്ധതികൾ

സംസ്ഥാനത്ത് സ്ത്രീ സുരക്ഷയ്ക്ക് അതീവ പ്രാധാന്യം കൊടുത്തുകൊണ്ട് നിരവധി പദ്ധതികൾ കേരളാ പോലീസ്

ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയംപ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവയെല്ലാം സ്ത്രീസുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കിയ പദ്ധതികളാണ്.

സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതു ഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ്, 2021 ജൂലൈ 19-ന് നിലവിൽ വന്നു. പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായകമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം പദ്ധതി വഴി നൽകും. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

പൊതു നിരത്തുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരു ത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് പിങ്ക് പോലീസ് പട്രോൾ. സ്കൂൾ കോളേജ് പരിസരങ്ങൾ, ബസ് സ്റ്റാന്റുകൾ എന്നിവ കേന്ദ്രീകരിച്ച് പട്രോളിംഗ് നടത്തുന്ന വനിതാ പോലീസ് ഉദ്യോഗസ്ഥരാണ് ഈ സംവിധാനത്തിലുള്ളത്. ക്യാമറ, ജി.പി.എസ് എന്നിങ്ങനെ ആധുനിക സൗകര്യങ്ങളോടുകൂടിയ വാഹനങ്ങളാണ് പിങ്ക് പോലീസിനായി നൽകിയിരിക്കുന്നത്.

കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് അവരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കേരളാ പോലീസ് ആവിഷ്കരിച്ച പദ്ധതിയാണ് വനിതാ സ്വയം പ്രതിരോധ സംഘം. സ്കൂൾ, കോളേജ്, റെസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ മുതലായ സ്ഥലങ്ങളിൽ കേരളാ പോലീസിന്റെ വനിതാ സ്വയം പ്രതിരോധ സംഘം സൗജന്യ ക്ലാസുകൾ ലഭ്യമാക്കുന്നു. 20 മണിക്കൂർ ആണ് കോഴ്സിന്റെ പരമാവധി ദൈർഘ്യം. കൗൺസിലിംഗ്, നിയമം, മോട്ടിവേഷൻ എന്നിവയിലും അടിസ്ഥാന വിവരങ്ങൾ ഈ ക്ലാസുകളിലൂടെ നൽകി വരുന്നു. കേരളത്തിലെ 20 പോലീസ് ജില്ലകളിലും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഇത്തരം പരിശീലനങ്ങൾക്ക് പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ്

ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം.

അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടു പോകുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരന്മാർക്കും സുരക്ഷ ഒരുക്കുന്നതിനായി കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് 'നിഴൽ'. ഏത് അടിയന്തര സാഹചര്യത്തിലും ആവശ്യമായ സഹായം എത്തിക്കാൻ തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പോലീസ് കമാന്റ് സെന്റർ കേന്ദ്രമായാണ് ഈ പ്രത്യേക സംവിധാനത്തിന്റെ പ്രവർത്തനം. കേരളത്തിലെ എല്ലാ ജില്ലയിൽ നിന്നും ഏത് സമയവും 112 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിനും മേൽനടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് വനിതാ സെൽ പ്രവർത്തിച്ചുവരുന്നു. ഇതേ ലക്ഷ്യത്തോട് കൂടി ജില്ലകളിലും വനിതാസെൽ ഉണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഒരു വനിതാ പോലീസ് സ്റ്റേഷൻ വീതവും സ്ഥാപിച്ചിട്ടുണ്ട്. സാധാരണ ലോക്കൽ പോലീസ് സ്റ്റേഷന് ഉള്ള അധികാരങ്ങൾ തന്നെയാണ് വനിതാ പോലീസ് സ്റ്റേഷനുകൾക്കും നൽകിയിരിക്കുന്നത്.

**ജനമൈത്രി പോലീസ്**

പരമ്പരാഗതമായ കേന്ദ്രീകൃത പോലീസിംഗ് രീതിയിൽ നിന്ന് വിഭിന്നമായി പ്രാദേശിക ജനകീയ വിഷയങ്ങളിൽ ജനാഭിപ്രായ സമന്വയത്തിലൂടെ വികേന്ദ്രീകൃത പോലീസിംഗ് നടപ്പിലാക്കുന്ന രീതിയാണ് ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഇതു മുഖേന ആദിവാസി ദുർബല വിഭാഗങ്ങളുടെ സംരക്ഷണത്തിനായി ട്രൈബൽ ജനമൈത്രി പ്രോജക്ട്, അതിഥി തൊഴിലാളികളുടെ നിരീക്ഷണത്തിനായി മൈഗ്രന്റ് ജനമൈത്രി സ്കീം, വൃദ്ധ ജനങ്ങളുടെ സംരക്ഷണത്തിനായി പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, ഗാർഹിക ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം നൽകുന്നതിനായി പോലീസ് ഫെസിലിറ്റേഷൻ ഓഫീസർ, സമൂഹത്തിലെ വിവിധ മേഖലകളെ സസൂക്ഷ്മം നിരീക്ഷിക്കുന്നതിനായി മൊബൈൽ ബീറ്റ് സിസ്റ്റം (M-Beat System), സ്ത്രീ ശാക്തീകരണത്തിനായി വനിത സ്വയം പ്രതിരോധ പരിശീലനം, ലഘുതർക്ക പരിഹാരത്തിനായി കമ്മ്യൂണിറ്റി മീഡിയേഷൻ സെന്ററുകൾ, കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിന് സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ, കുട്ടികളുടെ സംരക്ഷണത്തിനായുള്ള പദ്ധതികൾ തുടങ്ങി സമൂഹത്തിന്റെ

വിവിധ മേഖലകളെ സ്പർശിക്കുന്ന പ്രവർത്തനങ്ങൾ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ നടത്തി വരികയാണ്. 'സുരക്ഷക്കായ് ജനങ്ങൾക്കൊപ്പം' എന്ന ആപ്തവാക്യം മുൻ നിർത്തി ജനങ്ങൾക്കായി നിസ്വാർത്ഥ സേവനം നൽകി വരുന്ന ഈ പദ്ധതിയിലൂടെ പോലീസിന്റെ പ്രതിച്ഛായ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് ജനമൈത്രി പദ്ധതി പ്രവർത്തനങ്ങളിലൂടെ വിലയിരുത്താവുന്നതാണ്. ജനമൈത്രി പദ്ധതിയിലെ പ്രധാന പരിപാടികൾ താഴെപ്പറയുന്നു.

**1.റെയിൽവെ ജനമൈത്രി പദ്ധതി**

**2.സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ**

**3.ട്രൈബൽ ജനമൈത്രി പദ്ധതി**

**4.കുട്ടികളുടെ സംരക്ഷണത്തിനായുള്ള പദ്ധതികൾ**

**5.കേരള പോലീസ് വിമൺ കോൺഫറൻസ്**

**6.പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്**

**7.മൈഗ്രന്റ് ലേബർ ജനമൈത്രി പ്രോജക്റ്റ്**

**8.വനിത സ്വയം പ്രതിരോധ പരിശീലന പരിപാടി**

**9.പോലീസ് ഫെസിലിറ്റേഷൻ ഓഫീസർ**

**ഓൺലൈൻ സേവനങ്ങൾ**

പോലീസ് സേവനങ്ങൾ ഓൺലൈനാക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നല്കുവാനുള്ള ലക്ഷ്യത്തോടുകൂടി സിറ്റിസൺ സർവ്വീസ് ഉൾപ്പെടുത്തി കേരള പോലീസ് തയ്യാറാക്കിയ രണ്ട് വ്യത്യസ്ത ആപ്ളിക്കേഷനുകളാണ് ഓൺലൈൻ പോർട്ടലായ തുണ (THUNA), മൊബൈൽ ആപ്ളിക്കേഷനായ പോൾ ആപ്പ് (Pol-APP) എന്നിവ. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നവീകരിച്ച ഒരു വെബ് പോർട്ടലിലൂടെ പൗരന്മാർക്ക് സേവനങ്ങളും വിവരങ്ങളും എത്തിക്കുന്നതിനുള്ള കേരള പോലീസിന്റെ ഒരു സംരംഭമാണ് സിറ്റിസൺ പോർട്ടലായ 'തുണ' (THUNA - The Hand you Need for Assistance) പോലീസ് സേവനങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ പൊതുജനങ്ങൾക്ക് ഒരു കൈത്താങ്ങായി വർത്തിക്കാനാണ് 'തുണ' വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ, വർദ്ധിച്ചുവരുന്ന ജനസംഖ്യയും സ്മാർട്ട്ഫോൺ വ്യാപനവും കണക്കിലെടുത്ത് പൊതുജനങ്ങൾക്ക് പോലീസ് സേവനങ്ങളും വിവരങ്ങളും മൊബൈൽ പ്ലാറ്റ്ഫോം വഴി ലഭ്യമാക്കാൻ ഉദ്ദേശിച്ചുള്ള മൊബൈൽ ആപ്ളിക്കേഷനാണ് Pol-APP.

**POL – BLOOD**

**Donor Registration :**

പോൾ-ആപ്പിൽ രക്തദാനവുമായി ബന്ധപ്പെട്ട ഒരു മൊഡ്യൂളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മൊഡ്യൂളിൽ, രക്തദാതാക്കൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. ജില്ലാ അഡ്മിൻ ദാതാവുമായി ബന്ധപ്പെടുകയും നൽകിയിരിക്കുന്ന വിശദാംശങ്ങൾ സ്ഥിരീകരിച്ചതിനു ശേഷം വിശദാംശങ്ങൾ ഡാറ്റാ ബേസിൽ സംരക്ഷിക്കുകയും ചെയ്യും.

**Request For Blood :**

രക്തം സ്വീകരിക്കുന്നയാൾക്ക് ദാതാവിനെ ആവശ്യമുള്ളപ്പോൾ അവർക്ക് Pol-App വഴി അഭ്യർത്ഥന സമർപ്പിക്കാം. രക്തദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കാൻ പ്രത്യേക സംഘം പ്രവർത്തിക്കുന്നുണ്ട്. ഉപയോക്താക്കൾക്ക് രക്തം ലഭ്യമാക്കുന്നതിലേക്കായി ആശയവിനിമയം നടത്താനുള്ള സൗകര്യവും ആപ്പിലുണ്ട്. ഓരോ പ്രവർത്തനവും/തൽസ്ഥിതിയും SMS വഴി അറിയിക്കും.

<u>സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ</u>

പൊതുജനത്തിന് പോലീസ് സേവനങ്ങൾ സംബന്ധമായ സംശയനിവാരണങ്ങൾക്കായി ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും വിവിധ തരത്തിൽ ഉണ്ടാക്കുന്ന തട്ടിപ്പുകളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും ഇതിലൂടെ സാധിക്കുന്നു.

**ഗുണ്ടകളെ അമർച്ച ചെയ്യാൻ ഓപ്പറേഷൻ കാവൽ**

സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളുടെയും വിവിധതരം മാഫിയകളുടെയും സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി ഒരു പ്രത്യേക പദ്ധതി 16.12.2021-തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നം.34/2021/PHQ ഉത്തരവ് പ്രകാരം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഒരു പദ്ധതി 15.12.2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ ഡി3/1443/2021/PHQ ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ മുഖേന ഗുണ്ടകളെയും മാഫിയകളെയും അമർച്ച ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**വർഗ്ഗീയ സംഘർഷങ്ങൾ ഫലപ്രദമായി തടയുവാൻ നടപടി**

പോലീസിന്റെ സമയോചിതമായ ഇടപെടലുകൾ കാരണം സംസ്ഥാനത്തൊട്ടാകെ കലാപങ്ങൾ സൃഷ്ടിച്ച് ക്രമസമാധാന ലംഘനങ്ങൾ ഉണ്ടാക്കുവാൻ ശ്രമിച്ച വർഗ്ഗീയ സംഘടനകളുടെ ശ്രമങ്ങൾ ഇല്ലാതാക്കുവാനും സംസ്ഥാനത്തെ പൊതുജനങ്ങളുടെ സൈ്വരജീവിതം ഉറപ്പാക്കുവാനും സാധിച്ചിട്ടുണ്ട്.

- ക്രമാസമാധാനപാലനത്തിൽ കൈവരിച്ച നേട്ടങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്ന് ഉൾപ്പെടെ ദേശീയ അടിസ്ഥാനത്തിൽ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ നിരവധി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയം നൽകുന്ന സർട്ടിഫിക്കേറ്റ് ഓഫ് റെക്കൊഗ്നേഷൻ കേരള പോലീസിന് ലഭിച്ചു. പോലീസിലെ സാങ്കേതികവിദഗ്ധർ നിർമ്മിച്ച ഇ-വിഐപി എന്ന സംവിധാനമാണ് പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കാലതാമസം ഒഴിവാക്കുന്നതിന് കേരളാ പോലീസിന് സഹായകമായത്.
- കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ഫിംഗർ പ്രിന്റ് ബ്യൂറോ നടത്തിയ സ്മാർട്ട് യൂസ് ഓഫ് ഫിംഗർപ്രിന്റ് സയൻസ് ഇൻ ഇൻവെസ്റ്റിഗേഷൻ മത്സരത്തിൽ കേരളാ പോലീസിന് മൂന്നാം സ്ഥാനം ലഭിച്ചു. ആലപ്പുഴ വെൺമണി ഇരട്ടക്കൊലപാതക കേസ് തെളിയിച്ചതിൽ വിരലടയാള വിദഗ്ധരുടെ വൈദഗ്ധ്യം വിലയിരുത്തിയാണ് ടി പുരസ്കാരം നൽകിയത്.
- CCTNS & ICJS എന്നിവയുടെ പ്രവർത്തന മികവ് പരിഗണിച്ച് കേരള പോലീസിലെ ഉദ്യോഗസ്ഥർക്ക് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ 2023ലെ "Good Practices in CCTNS/ICJS" അവാർഡ് ലഭിച്ചു.
- നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്കുള്ള ദക്ഷിണ മേഖലയിലെ മികച്ച പരിശീലന കേന്ദ്രത്തിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം നൽകുന്ന 2016-17 -ലെ അവാർഡിന് തൃശ്ശൂരിലെ കേരള പോലീസ് അക്കാദമി തെരഞ്ഞെടുക്കപ്പെട്ടു.
- കേരള പോലീസ് നടപ്പിലാക്കിയ 'SOFT' പദ്ധതിക്ക് (Save Our Fellow Traveller), 2017 -ലെ നഗരകാര്യ മന്ത്രാലയം, ഭാരതസർക്കാർ ഏർപ്പെടുത്തിയ അവാർഡ് ലഭിച്ചു.
- കേന്ദ്ര ആഭ്യന്തര മന്ത്രാലയം നടത്തിയ പഠനത്തിൻറെ അടിസ്ഥാനത്തിൽ 2018 -ലെ രാജ്യത്തെ ഏറ്റവും മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്നായി കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടു.
- 2019-ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായി തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു.
- നിയമനിർവ്വഹണ ഏജൻസികൾക്ക് കാര്യക്ഷമതാ പരിപോഷണത്തിനായി മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് കേരളാ പോലീസ് സൈബർഡോമിന്

2020-ലെ ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സലൻസ് അവാർഡ് ലഭിച്ചു.

- വാർത്താ വിനിമയം, വിവര സാങ്കേതികവിദ്യ എന്നിവ ഉപയോഗിച്ച് സാമൂഹ്യമാധ്യമങ്ങളിൽ നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കേരളാ പോലീസിന്റെ സോഷ്യൽ മീഡിയാ സെല്ലിനും സൈബർ ഡോമിനും 2020-21 വർഷത്തെ ദേശീയ e-Governance അവാർഡ് ലഭിച്ചു.
- 2021-ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു.
- 2020-21-ലെ നാഷണൽ ഇ-ഗവേണൻസ് അവാർഡ് കേരളാ പോലീസിലെ സോഷ്യൽ മീഡിയാ സെല്ലിനും സൈബർ ഡോമിനും ലഭിച്ചു.
- 2022 -ലെ സംസ്ഥാനത്തെ മികച്ച പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ഷോളയൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരഞ്ഞെടുത്തു.
- ക്രമസമാധാന പാലനം, കുറ്റകൃത്യനിയന്ത്രണം, വി.ഐ.പി സുരക്ഷ എന്നീ മേഖലകളിലെ പ്രവർത്തന മികവിന് കണ്ണൂർ സിറ്റിയിലെ ചക്കരക്കൽ പോലീസ് സ്റ്റേഷന് ISO സർട്ടിഫിക്കറ്റ് ലഭിച്ചു.
- സംസ്ഥാനത്ത് ഐ.എസ്.ഒ അംഗീകാരം ലഭിക്കുന്ന ആദ്യ എസ്.പി ഓഫീസായി കൊല്ലം സിറ്റി ജില്ലാ പോലീസ് ഓഫീസ് 26.12.2017-ൽ തിരഞ്ഞെടുക്കപ്പെട്ടു.
- ജനകീയ പോലീസ് പദ്ധതികളോടൊപ്പം, ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ പദ്ധതിയും വിജയകരമായി നടപ്പിലാക്കിയതിന് കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷന് ISO 9001 : 2005 അംഗീകാരം ലഭിക്കുകയുണ്ടായി.
- പത്തനംതിട്ട ജില്ലയിൽ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ISO അംഗീകാരം ലഭിക്കുന്ന ആദ്യ സ്റ്റേഷനായി എരുമേലി പോലീസ് സ്റ്റേഷൻ മാറി.
- സൈബർ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് സൈബർ ഡോമിന് ISO അംഗീകാരം ലഭിച്ചു.
- കോവിഡ്-19 മഹാമാരിക്കാലത്ത് ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തിയ പ്രവർത്തന മികവിന് ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം പോലീസ് സ്റ്റേഷന് ISO അംഗീകാരം ലഭിച്ചു.
- കുറ്റകൃത്യങ്ങളുടെ കണ്ടെത്തലും പ്രതിരോധവും ക്രമസമാധാന പാലനം, പൊതുജനങ്ങൾക്കായി ആധുനിക സൗകര്യങ്ങൾ ഒരുക്കുക, ഹരിത പ്രോട്ടോക്കോൾ, കൃഷി, വിദ്യാഭ്യാസം മറ്റ് സേവനങ്ങൾ എന്നിവയിലെ മികവിന് തൃശ്ശൂർ റൂറൽ ജില്ലയിലെ

കൊരട്ടി പോലീസ് സ്റ്റേഷന് ISO 9001 : 2018 സർട്ടിഫിക്കറ്റ് ലഭിച്ചു.

- ശാസ്താംകോട്ട, ചവറ, കോഴിക്കോട് ടൗൺ, എരുമേലി, ചക്കരയ്ക്കൽ, മുട്ടം, മരാരിക്കുളം, കൊരട്ടി എന്നീ പോലീസ് സ്റ്റേഷനുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചു.
- കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, കൃത്യമായ ക്രമസമാധാന പാലനം, മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും കണ്ടെത്തി തടയുന്നതിലുള്ള മികവ്, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പൊതുജനസേവനം എന്നിവ പരിഗണിച്ച് തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ മണ്ണുത്തി പോലീസ് സ്റ്റേഷന് ഐ.എസ്.ഒ പുരസ്കാരം ലഭിച്ചു.
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരായി ഓൺലൈനിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് സജീവമായ ഇടപെടൽ നടത്തിയതിനുള്ള കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിൻറെ പുരസ്കാരം ബഹു. കേന്ദ്ര ആഭ്യന്തരമന്ത്രി കേരള പോലീസിന് സമ്മാനിച്ചു. ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്ററിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി സൈബർ ഓപ്പറേഷൻസ് വിഭാഗം എസ്.പി. എന്നിവർ ചേർന്ന് 10.09.2024-ൽ പ്രസ്തുത അവാർഡ് സ്വീകരിച്ചു.
- കേന്ദ്ര ആഭ്യന്തരമന്ത്രാലയം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2023-ലെ രാജ്യത്തെ ഏറ്റവും മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്നായി മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടു.
- സംസ്ഥാനത്ത് ഐ.എസ്.ഒ അംഗീകാരം ലഭിക്കുന്ന ആദ്യ എസ്.പി ഓഫീസായി കൊല്ലം സിറ്റി ജില്ലാ പോലീസ് ഓഫീസ് 26.12.2017-ൽ തിരഞ്ഞെടുക്കപ്പെട്ടു.
- ഒരു സ്വതന്ത്ര സംഘടന നൽകുന്ന രാജ്യത്തെ ഏറ്റവും ഉയർന്ന അംഗീകാരമാണ് സ്കോച്ച് അവാർഡ്. 2019–ൽ കേരളാ പോലീസിലെ വിർചൽ ക്യൂ, ഇ-വി.ഐ.പി, വാട്ട്സ്ആപ്പ് സിസ്റ്റം എന്നീ പദ്ധതികൾ ക്കാണ് അവാർഡ് ലഭിച്ചത്. കേരളത്തിലെ മഹാപ്രളയത്തിൽ കാര്യക്ഷമ മായി രക്ഷാപ്രവർത്തനങ്ങൾ നടത്തിയതിനാണ് (ജലരക്ഷ-2018) SKOCH GOLD അവാർഡ് കേരളാ പോലീസ് കരസ്ഥമാക്കിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ഹോപ്പ് പദ്ധതി, പിങ്ക് പോലീസ് പട്രോൾ എന്നിവ 2018 ലെ SKOCH ഓർഡർ ഓഫ് മെരിറ്റ് അവാർഡ് കരസ്ഥമാക്കി.
- 2016 -ലെ Elets Digital India Knowledge Summit-ൽ ഏറ്റവും മികച്ച പദ്ധതികളിലൊന്നായി കേരളാ പോലീസ് സൈബർഡോം

തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ 2018-ലെ SKOCH സിൽവർ അവാർഡ്, 2019-ൽ SKOCH ഓർഡർ ഓഫ് മെരിറ്റ് അവാർഡ്, ഐ.എസ്.എൽ.എ (ഇൻഫർമേഷൻ സെക്യൂരിറ്റി ലീഡർഷിപ്പ് അവാർഡ്), 2018 ൽ കെ7-സെക്യൂരിറ്റി മെഡൽ ഓഫ് ഹോണർ അവാർഡ്, 2019 -ലെ സിസോ മാഗ് അവാർഡിലെ ഏറ്റവും മികച്ച ഡിജിറ്റൽ ഇനിഷ്യേറ്റീവ് അവാർഡ്, 2019 ലെ ബിസിനസ്സ് വേൾഡ് ഡിജിറ്റൽ ഇന്ത്യ അവാർഡ് എന്നിങ്ങനെ നിരവധി അംഗീകാരങ്ങൾ സൈബർഡോമിന് ലഭിച്ചിട്ടുണ്ട്.

- 2018-ൽ യു.എ.ഇയിലെ ദുബായിൽ വച്ച് നടന്ന World Government Summit-ൽ യു.എൻ, യു.എസ്.എ എന്നിവയുടെ ഗെയിമിംഗ് ആപ്പുകളെ പിന്നിലാക്കി ഏറ്റവും മികച്ച ഗതാഗത ബോധവൽക്കരണ ഗെയിം ആയി 'ട്രാഫിക് ഗുരു' എന്ന ഗെയിമിംഗ് ആപ്പ് തിരഞ്ഞെടുക്കപ്പെട്ടു.
- കേരള പോലീസ് നടപ്പിലാക്കിയ 'SOFT' പദ്ധതിക്ക് (Save Our Fellow Traveller), 2017-ലെ നഗരകാര്യമന്ത്രാലയം, ഭാരതസർക്കാർ ഏർപ്പെട്ടുത്തിയ അവാർഡ് ലഭിച്ചു.
- ഇലെറ്റ്സ് ടെക്നോ മീഡിയ പ്രൈവറ്റ് ലിമിറ്റഡ് നൽകുന്ന ഇലെറ്റ്സ് അവാർഡ് ഓഫ് എക്സലൻസ് 2020 കേരളാ പോലീസ് സൈബർഡോം കരസ്ഥമാക്കി. ഇന്ത്യയിലെ ഏറ്റവും മികച്ച സൈബർ സുരക്ഷാ ഏജൻസി ആയി സൈബർഡോം തിരഞ്ഞെടുക്കപ്പെട്ടു.
- നിയമനിർവ്വഹണ ഏജൻസികൾക്ക് കാര്യക്ഷമതാ പരിപോഷണത്തിനായി മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് കേരളാ പോലീസ് സൈബർഡോംമിന് 2020-ലെ ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സലൻസ് അവാർഡ് ലഭിച്ചു.
- ജനകീയ പോലീസ് പദ്ധതികളോടൊപ്പം ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ പദ്ധതിയും വിജയകരമായി നടപ്പിലാക്കിയതിന് കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷന് ISO അംഗീകാരം ലഭിക്കുകയുണ്ടായി.
- കോപ്സ് ടുഡേ ഇന്റർനാഷണൽ എന്ന ജേണൽ ഏർപ്പെടുത്തിയ 2017 -ലെ പോലീസ് എക്സലൻസ് അവാർഡ് ജനമൈത്രി പോലീസിന് ലഭിച്ചു.
- കേരള പോലീസിലെ 'കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിസ്റ്റേഷൻ സെന്റർ', 'എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം' എന്നിവയ്ക്ക് സ്മാർട്ട് പോലീസിംഗിനുള്ള അംഗീകാരമായ FICCI അവാർഡ് ലഭിച്ചു.
- ക്രമസമാധാന പാലനം, കുറ്റകൃത്യനിയന്ത്രണം, വി.ഐ.പി സുരക്ഷ എന്നീ മേഖലകളിലെ പ്രവർത്തന

മികവിന് കണ്ണൂർ സിറ്റിയിലെ ചക്കരക്കൽ പോലീസ് സ്റ്റേഷന് ISO സർട്ടിഫിക്കറ്റ് ലഭിച്ചു.

- വാർത്താ വിനിമയം, വിവര സാങ്കേതികവിദ്യ എന്നിവ ഉപയോഗിച്ച് സാമൂഹ്യമാധ്യമങ്ങളിൽ നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തന ങ്ങൾക്ക് കേരളാ പോലീസിന്റെ സോഷ്യൽ മീഡിയാ സെല്ലിനും സൈബർ ഡോമിനും 2020-21 വർഷത്തെ ദേശീയ e-Governance അവാർഡ് ലഭിച്ചു.
- സൈബർ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് സൈബർ ഡോമിന് ISO അംഗീകാരം ലഭിച്ചു.
- കേരള പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്ററിന് 2022 ലെ ടെക്നോളജി സഭ അവാർഡ് ലഭിച്ചു.
- കുറ്റകൃത്യങ്ങളുടെ കണ്ടെത്തലും പ്രതിരോധവും ക്രമസമാധാനപാലനം, പൊതുസമൂഹത്തിൽ ശാന്തിയും സമാധാനവും സ്ഥാപിക്കൽ മറ്റ് പോലീസിംഗ് പ്രവർത്തനങ്ങൾ എന്നിവ കണക്കിലെടുത്ത് ഇടുക്കി ജില്ലയിലെ മുട്ടം പോലീസ് സ്റ്റേഷന് ISO സർട്ടിഫിക്കേഷൻ ലഭിച്ചു.
- 2020-21 ലെ ദേശീയ ഇ-ഗവേണൻസ് അവാർഡിൽ 6-mw വിഭാഗമായ, കോവിഡ്-19 നിയന്ത്രിക്കുന്നതിൽ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം എന്നതിൽ കേരളാ പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിൽ നടത്തുന്ന കോവിഡ് പദ്ധതികൾക്ക് 'ഗോൾഡ്' അംഗീകാരം ലഭിച്ചു.
- ഇന്ത്യ ടുഡെ ന്യൂസ് മാഗസിന്റെ സംസ്ഥാന സർവ്വേ 2021-ൽ കേരളം ഭാരതത്തിലെ Most Happy State ആയി പ്രഖ്യാപിച്ചു.
- പോലീസിന്റെ ഔദ്യോഗിക ഇൻസ്റ്റഗ്രാം അക്കൗണ്ട് ഒരു മില്ല്യൻ ഫോളോവേഴ്സ് എന്ന അസാധാരണ നേട്ടത്തിന് അർഹമായി. ഈ മേഖല യിലെ ന്യൂയോർക്ക് പോലീസിന്റെയും, ഇന്റർപോളിന്റെയും റിക്കോർഡുകൾ ഭേദിച്ചു കൊണ്ടാണ് കേരളാ പോലീസ് ഈ നേട്ടം കൈവരിച്ചത്. ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട നിരവധി ബോധവൽക്കരണ പ്രവർത്തനങ്ങൾ പ്രസ്തുത സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം വഴി ചെയ്തു വരുന്നു.
- ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ നടത്തിയ സർവ്വേ പ്രകാരം അഴി മതിയില്ലാത്ത പോലീസ് സേനയെന്ന ബഹുമതി കേരള പോലീസിന് ലഭിച്ചു.

സെക്ഷൻ ഓഫീസർ